പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117 13/06/2013 ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിലെ പ്രാഥമിക സൗകര്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പുതിയ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കഴിഞ്ഞ സാമ്പത്തികവർഷം അടിസ്ഥാന സൗകര്യങ്ങളായ ടോയ്‌ലറ്റ്, യൂറിനൽ, കുടിവെള്ളലഭ്യത എന്നിവയുടെ അഭാവം നേരിടുന്ന സർക്കാർ സ്കൂളുകളിൽ അവ നടപ്പാക്കുന്നതിനു വേണ്ടി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തികവർഷം ഭൗതികസാഹചര്യങ്ങളുടെ അഭാവം നേരിടുന്ന സർക്കാർ സ്കൂളുകൾക്ക് അവ നടപ്പിലാക്കുന്നതിന് വേണ്ടി 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>എസ്.എസ്.എ മുഖേന 2013-14 സാമ്പത്തിക വർഷം 560 എൽ.പി. സ്കൂളുകളുടേയും 266 യു.പി. സ്കൂളുകളുടേയും അറ്റകുറ്റ പണികൾ, 1070 സി.ഡബ്ല്യു.എസ്.എൻ ടോയ്‌ലറ്റുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 32 ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയതിന്റെ നിർമ്മാണത്തിന് 77.5 കോടി രൂപ മുതൽ മുടക്കിയിട്ടുണ്ട്.<br>സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്കും വാർഷിക ഗ്രാന്റായി ആർ.എം.എസ്.എ 75000/- രൂപാവീതം നൽകുന്നുണ്ട്.<br>സംസ്ഥാനത്തെ 660 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ മൂത്രപ്പുരകൾ, കക്കൂസുകൾ, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിന് 31.16 കോടി രൂപായുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നടന്നുവരുന്നു.<br>അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലെറ്റുകളും യൂറിനലുകളും മറ്റും |

നിർമ്മിക്കുന്നതിനുമായി 2012-2013 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ടി തുകയിൽ നിന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ "ഡിമാന്റ് ഡ്രാഫ്റ്റുകളാക്കി" അയച്ചു കൊടുക്കുവാനുള്ള നടപടി വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ, 2012-2013 സാമ്പത്തിക വർഷത്തിൽത്തന്നെ സംസ്ഥാനത്തെ രണ്ട് ഗവ: വി.എച്ച്.എസ് സ്കൂളുകളിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി "പ്ലാൻ ഫണ്ടിൽ" നിന്ന് അനുവദിച്ച 1,88,20,565/-രൂപ (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റിയറുപത്തഞ്ച് രൂപ മാത്രം) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടി "ഡിമാന്റ് ഡ്രാഫ്റ്റായി" മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

| | |
|---|---|
| ബി) സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ചയുണ്ടായതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എത്ര സർക്കാർ സ്കൂളുകളിൽ മൂത്രപ്പുരകളുടെയും കക്കൂസുകളുടെയും കുറവുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) സംസ്ഥാനത്തെ 4729 സർക്കാർ സ്കൂളുകളിൽ 539 കക്കൂസിന്റേയും, 7809 മൂത്രപ്പുരയുടെയും അഭാവം നേരിടുന്നുണ്ട്. 660 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 220 സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും മൂത്രപ്പുരകളുടെയും കക്കൂസുകളുടെയും കുറവുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) സ്കൂളുകളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുന്നത് എന്തെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ? | (ഡി) കേന്ദ്രസർക്കാരിന്റെ നിയമമനുസരിച്ച് ഒരു മൂത്രപ്പുര, 20 മുതൽ 40 കുട്ടികൾക്ക് വരെ (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം), ശൗചാലയം 80 മുതൽ 120 വരെ കുട്ടികൾക്ക് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം) ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ